പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 922 05.03.2018- ൽ മറുപടിക്ക്

## നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പാലങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ആയയിൽ-മുള്ളറവിള, കന്നിപ്പുറം എന്നീ പാലങ്ങളുടെ പുതിയ ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ആയയിൽ - മുള്ളറവിള പാലത്തിന്റെ പുതുക്കിയ ഡിസൈൻ പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിൽ തയ്യാറാക്കി വരുന്നു. ടി ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഡി.പി.ആർ തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുവാൻ കഴിയുകയുള്ളു. കന്നിപ്പുറം പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ടി വർക്കിന്റെ ഭാഗമായിട്ടുള്ള സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായി അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ആയയിൽ-മുള്ളറവിള പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കുവാൻ കാലതാമസം എടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ആയയിൽ-മുള്ളറവിള, കന്നിപ്പുറം എന്നീ പാലങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ എന്തായി എന്ന് വ്യക്തമാക്കാമോ; | (സി) | ആയയിൽ - മുള്ളറവിള പാലത്തിന്റെ സ്ഥലമെടുപ്പിനുള്ള നടപടികളുടെ ഭാഗമായി റിക്വിസിഷൻ തയ്യാറാക്കി വരുന്നു. കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭ്യമായ കന്നിപ്പുറം പാലത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന്റെ അർത്ഥനാപത്രം ജില്ലാകളക്ടർക്ക് 01.02.2018-ൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പാലങ്ങളുടെ ടെണ്ടർ നടപടികൾ 2018-2019 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമോ; | (ഡി) | സ്ഥലം പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ലഭ്യമാകകയാണെങ്കിൽ മാത്രമേ 2018-19-ൽ തന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | ആയയിൽ-മുള്ളറവിള, കന്നിപ്പുറം എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | രണ്ട് പാലം പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ